LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കാൻ നടപടി

146 [1951] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നൽകി വരുന്ന ലപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ മെസ് ചാർജ്ജ് എന്നിവ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ മെസ് ചാർജ്ജ് എന്നിവ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ 2001-ലാണ് വർദ്ധിപ്പിച്ചത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ/മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ/ ആശ്രമം സ്ക്കൂൾ എന്നിവയിലെ മെസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശവും പരിഗണിച്ചു വരുന്നു.

എസ്. സി. പ്രൊമോട്ടേഴ്സിന്റെ പ്രവർത്തനം

147 [1952] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എസ്. സി. പ്രൊമോട്ടേഴ്സായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ നിയമിച്ചവരുടെ സേവനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) ഇവരുടെ സേവനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1175 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എസ്.സി. പ്രൊമോട്ടർമാരുടെ നിയമനാധികാരി ഓരോ ജില്ലയിലേയും ജില്ലാ പട്ടികജാതി വികസന ഓഫീസർ ആകയാൽ ഇവരെക്കുറിച്ച് ലഭിക്കുന്ന പരാതികൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.